## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1123 20.03.2012- ൽ മറുപടിക്ക്**

### തൂക്കുപാലത്തിന്റെ നിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. തോമസ് ചാണ്ടി** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പു മന്ത്രി)** |
| (എ) | കുട്ടനാട്ടിലെ എടത്വ ഗ്രാമപഞ്ചായത്തിൽ ചങ്ങങ്കരിയിൽ അനുവദിച്ച തൂക്കുപാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | | (എ) &(ബി)<br>മാർച്ച് 31 ന് മുൻപ് പണി പൂർത്തിയാക്കണമെന്ന് കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്ക് സർക്കാർ നിർദ്ദേശം നകിയിട്ടുണ്ട്. അതു പ്രകാരം മാർച്ച് 30-2012 ന് മുൻപ് തന്നെ പണി പൂർത്തീകരിക്കാമെന്ന് കെൽ ഉറപ്പ് നൽകിയിട്ടുണ്ട്.<br>പാലം പണിയുന്നതിന് ആവശ്യമായ സ്ഥലത്തിന്റെ പരിമിതിയും ഇരുവശങ്ങളിലുമുള്ള റോഡുകളുടെ സാമീപ്യവും ഒരു തദ്ദേശവാസിയുടെ എതിർപ്പും പ്രാരംഭപ്രവൃത്തികൾ ദുഷ്കരമാക്കിയതായും പിന്നീട് തദ്ദേശവാസികളുടെയും റവന്യൂ അധികാരികളുടെയും സഹകരണത്തോടെ അടിസ്ഥാന ജോലികൾ പൂർത്തിയാക്കിയതായും പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) | 2011 നവംബർ മാസത്തോടെ പണി പൂർത്തീകരിക്കുമെന്ന് കെൽ അറിയിച്ചിട്ടും ഇതുവരെ പൂർത്തിയാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ; | | |
| (സി) | പ്രസ്തുതപാലം നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ ? | (സി) | 30.03.2012 നകം പണി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ കെൽ-നും ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ